# Deepika

## 23 August 2018

## Kochi: After flood, Flood relief



### ദുരിതാശ്വാസക്യാമ്പിൽ ശിവന്യയ്ക്ക് ഒന്നാം പിറന്നാൾ

കൊച്ചി: ബലൂണുകളും തോരണങ്ങളുംകൊണ്ട് അലങ്കരിച്ചില്ലെങ്കിലും ചുറ്റും മുഴങ്ങിയ ഹാപ്പി ബർത്ത് ഡേ ടു യൂ... എന്ന പാട്ടിന്റെ മാധുരിയിൽ ശിവന്യ കേക്ക് മുറിച്ചു. ശിവന്യയ്ക്കിത് ആദ്യ പിറന്നാൾ. തൃപ്പൂണിത്തുറ ബോയ്സ് ഹൈസ്കൂളിലെ ദുരിതാശ്വാസ ക്യാമ്പായിരുന്നു വേദി. ആശംസകളുമായി തൃപ്പൂണിത്തുറ നഗരസഭാംഗങ്ങളും ക്യാമ്പംഗങ്ങളും കൂടി ഒത്തുചേർന്നപ്പോൾ പിറന്നാൾ ആഘോഷത്തിന് ഇരട്ടിമധുരം.

എരൂർ കുന്നറയിൽ ബിനു ബാബു-ആതിര ദമ്പതികളുടെ മകൾ ശിവന്യയാണ് ദുരിതാശ്വാസ ക്യാമ്പിൽ ഒന്നാം പിറന്നാൾ ആഘോഷിച്ചത്. മകളുടെ ഒന്നാം പിറന്നാൾ ഭംഗിയായി ആഘോഷിക്കണമെന്നു മാതാപിതാക്കൾ ആഗ്രഹിച്ചിരുന്നതാണ്. അതിനിടയിലാണ് പ്രളയമെത്തിയത്. എരൂരിലെ മൂന്നര സെന്റ് സ്ഥലത്തെ വീട്ടിൽ മുട്ടറ്റം വെള്ളം പൊങ്ങിയപ്പോഴാണ് ബിനുവും കുടുംബവും കഴിഞ്ഞ 16നു ദുരിതാശ്വാസ ക്യാമ്പിലെത്തിയത്. ഇവരെക്കൂടാതെ മാതാപിതാക്കളും സഹോദരനും കൂടി ക്യാമ്പിലുണ്ട്.

എരൂർ കുന്നറയിൽ ബിനു ബാബു-ആതിര ദമ്പതികളുടെ മകൾ ശിവന്യയുടെ ഒന്നാം പിറന്നാൾ തൃപ്പൂണിത്തുറ ബോയ്സ് ഹൈസ്കൂളിലെ ദുരിതാശ്വാസക്യാമ്പിൽ ആഘോഷിച്ചപ്പോൾ.

### ക്യാമ്പിലേക്കു കൊണ്ടുപോയ ഭക്ഷണസാധനങ്ങൾ ഉദ്യോഗസ്ഥർ തടഞ്ഞതിനെച്ചൊല്ലി വാക്കേറ്റം

കൊച്ചി: ദുരിതാശ്വാസക്യാമ്പിൽ അധികം വന്ന ഭക്ഷ്യവസ്തുക്കൾ മറ്റൊരു ക്യാമ്പിലേക്ക് കൊണ്ടുപോകുന്നതു തടഞ്ഞ തഹസിൽദാറും വോളണ്ടിയേഴ്സും തമ്മിൽ വാക്കേറ്റം. ക്യാമ്പിലെ ഭക്ഷ്യവസ്തുക്കൾ സർക്കാരിന്റെ വകയാണെന്നും അനധികൃതമായി മറ്റൊരിടത്തേക്കും കൊണ്ടുപോകാൻ അനുവദിക്കില്ലെന്നും എറണാകുളം സെന്റ് ആൽബർട്ട്സ് കോളജിലെ ദുരിതാശ്വാസ ക്യാമ്പിൽ തഹസിൽദാറും എറണാകുളം വില്ലേജ് ഓഫീസറും പറഞ്ഞപ്പോഴാണ് വോളണ്ടിയേഴ്സുമായി തർക്കമുണ്ടായത്.

2458 ആളുകൾ താമസിക്കുന്ന നഗരത്തിലെ പ്രധാനപ്പെട്ട ഒരു ക്യാമ്പായ ഇവിടേക്ക് ഭക്ഷണവും വസ്ത്രവും എത്തിച്ചിരുന്നത് എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റി വഴിയായിരുന്നു. ജില്ലയിൽ 110 ഓളം ക്യാമ്പുകളിൽ ഇത്തരത്തിൽ ഭക്ഷണ സാധനങ്ങൾ സൊസൈറ്റി എത്തിക്കുന്നുണ്ട്. ഭക്ഷണത്തിന് കുറവുള്ള ക്യാമ്പുകളിൽ മറ്റിടങ്ങളിൽ അധികമായി വരുന്ന ഭക്ഷണം എത്തിച്ചു നൽകിയാണ് പ്രതിസന്ധി പരിഹരിച്ചിരുന്നത്.

ഇന്നലെ സെന്റ് ആൽബർട്ട്സിലെ ക്യാമ്പ് അവസാനിപ്പിച്ചപ്പോൾ ബാക്കി വന്ന ഭക്ഷണ സാധനങ്ങൾ മറ്റ് ക്യാമ്പുകളിലേക്ക് കൊണ്ടുപോകാനായി വോളണ്ടിയേഴ്സ് ശ്രമിച്ചു. ഇത് സ്ഥലത്തുണ്ടായിരുന്ന ഉദ്യോഗസ്ഥർ തടഞ്ഞു. ക്യാമ്പുകളിൽനിന്ന് മടങ്ങുന്നവർക്ക് വീതിച്ചു നൽകാനുള്ളതാണ് സാധനങ്ങളെന്നും മറ്റൊരിടത്തേക്കും കൊണ്ടുപോകാൻ പറ്റില്ലെന്നും പറഞ്ഞായിരുന്നു ഉദ്യോഗസ്ഥർ തടസം നിന്നത്. പ്രശ്നം രൂക്ഷമായതോടെ കണയന്നൂർ തഹസിൽദാറും എറണാകുളം വില്ലേജ് ഓഫീസറും സ്ഥലത്തെത്തി. പിന്നെ വാക്കേറ്റം ഇവരുമായിട്ടായി.

കെ.വി. തോമസ് എംപിയും എംഎൽഎമാരായ ഹൈബി ഈഡൻ, എസ്. ശർമ എന്നിവരും സ്ഥലത്തെത്തി പ്രശ്നം രമ്യമായി പരിഹരിക്കാൻ ശ്രമം നടത്തി. ഒടുവിൽ ഭക്ഷ്യസാധനങ്ങൾ മറ്റ് ക്യാമ്പുകളിലേക്ക് കൊണ്ടുപോകാൻ ഉദ്യോഗസ്ഥർ സമ്മതിച്ചതോടെ പ്രശ്നം പരിഹരിച്ചു. ഭക്ഷണസാധനങ്ങൾ തടഞ്ഞുവച്ചതിനെതിരേ കെആർഎൽസിസി വൈസ് പ്രസിഡന്റ് ഷാജി ജോർജ്, കെഎൽസിഎ സംസ്ഥാന ജനറൽ സെക്രട്ടറി ഷെറി ജെ. തോമസ്, വരാപ്പുഴ അതിരൂപത കെഎൽസിഎ പ്രസിഡന്റ് സി.ജെ. പോൾ, ജനറൽ സെക്രട്ടറി ലൂയിസ് തണ്ണിക്കോട്ട് എന്നിവർ സംയുക്തമായി കളക്ടർക്ക് പരാതി നൽകി.

### വരാപ്പുഴ അതിരൂപതയ്ക്കെതിരായ കുപ്രചാരണം ഖേദകരം: കെ.വി തോമസ്

കൊച്ചി: പ്രളയ ദുരന്തം ഉണ്ടായപ്പോൾ ആയിരക്കണക്കിന് അഭയാർഥികൾക്ക് രക്ഷകരായി നിന്ന സെന്റ് ആൽബർട്ട്സ് കോളജ് പോലെയുള്ള സ്ഥാപനങ്ങൾക്കെതിരായ നുണപ്രചാരണം ഖേദകരമെന്ന് കെ.വി. തോമസ് എംപി. സർക്കാർ സഹായം കൊണ്ടു മാത്രമല്ല ദുരിതാശ്വാസ ക്യാമ്പുകൾ നടന്നത്. പൊതുജനങ്ങളുടെയും സംഘടനകളുടെയും പിന്തുണ കൊണ്ടുകൂടിയാണ്.

ഈ ക്യാമ്പുകൾ മുഴുവൻ സർക്കാർ അടയ്ക്കുകയും ഭരണചുമതല ഒരു മുന്നറിയിപ്പും ഇല്ലാതെ ഉദ്യോഗസ്ഥരെ ഏൽപ്പിക്കുകയുമാണ് ചെയ്തത്. സർക്കാർ വഴിയല്ലാതെ ധാരാളം സാധനങ്ങൾ ക്യാമ്പുകളിൽ എത്തിയിട്ടുണ്ട്. സർക്കാരിന്റേത് അല്ലാത്ത ഈ സാധനങ്ങൾ ഏറ്റെടുക്കാൻ സർക്കാരിന് അവകാശമില്ല. രൂപത നേരിട്ട് നടത്തുന്ന എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റിയിലൂടെ ജാതി മത ഭേദമെന്യേ എല്ലാവർക്കും സഹായം എത്തിച്ചുകൊടുക്കുന്നുണ്ട്.

ഈ യാഥാർഥ്യം മനസിലാക്കാതെ അതിരൂപതയുടെ അഭ്യുദയകാംക്ഷികൾ നൽകിയിട്ടുള്ള സാധനങ്ങൾ തട്ടിക്കൊണ്ടു പോവുകയാണെന്ന കള്ളപ്പരാതി ഉണ്ടാക്കിയത് ദുഃഖകരമാണെന്ന് കെ.വി തോമസ് പറഞ്ഞു.